**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** **03-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ടൗൺഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായുള്ള സ്ഥലങ്ങൾ വാങ്ങുന്നതിനായി എത്ര തുകയാണ് ചിലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | നിലവിൽ സ്ഥലങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടില്ല. |
| (ബി) | ടൗൺഷിപ്പ് സ്ഥാപിക്കാനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ സർവ്വേ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | (ബി) | പുനരധിവാസത്തിനായി തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ കമ്പനികൾ ഫയൽചെയ്ത WP(C) 36125/24, WP(c) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് സിംഗിൾ ബെഞ്ച് 27.12.24 - ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമ പ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിരുന്നു. പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടി നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കി ടോപ്പോഗ്രാഫിക്ക് സർവ്വേ, ഹൈഡ്രോളിക്കൽ സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, സോയിൽ ടെസ്റ്റ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്, കൂടാതെ വില നിർണ്ണയവുമായി ബന്ധപ്പെട്ട ഫീൽഡ് വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ഏത് ഏജൻസി ആണ് ടി പദ്ധതി നടപ്പിലാക്കാൻ പ്രവർത്തിക്കുന്നതെന്നും വീടുകളും ടൗൺഷിപ്പും എപ്പോൾ പൂർത്തീകരിക്കാനാണ് ഇവർ ലക്ഷ്യമിടുന്നതെന്നും അറിയിക്കുമോ; | (സി) | ടൗൺഷിപ്പ് പദ്ധതിയുടെ ഭരണ വകുപ്പായി ദുരന്ത നിവാരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും, പദ്ധതി കാലയളവിലേക്ക് പദ്ധതി ചെലവിന്റെ (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതി തുക) യഥാർത്ഥ ചെലവ് ലാഭരഹിത-നഷ്ടരഹിത അടിസ്ഥാനത്തിൽ നൽകി കൊണ്ട് KIIFCON നെ PMC/ എംപ്ലോയർ പ്രതിനിധിയായി നിയമിക്കുകയും, പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാരിനെ കൂടാതെ മറ്റ് സംസ്ഥാന സർക്കാരുകൾ, വിവിധ സംഘടനകൾ എന്നിവർ നിർമ്മിച്ച് നൽകാമെന്നേറ്റ വീടുകൾ എത്രയാണ്; വിശദാംശം നൽകാമോ? | (ഡി) | ഭവന നിർമാണവുമായി ബന്ധപ്പെട്ട് സംഘടനകളും വ്യക്തികളും വീടുകൾ വച്ച് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രി 01/01/2025, 04/01/2025 തീയതികളിലായി നേരിട്ടും ഓൺ ലൈൻ മുഖേനയും പ്രസ്തുത വ്യക്തികളും സംഘടനകളുമായി യോഗങ്ങൾ നടത്തുകയും, യോഗത്തിൽ എത്ര വീടുകൾ സ്പോൺസർ ചെയ്യാമെന്നത് പിന്നീട് അറിയിക്കുന്നതാണെന്നും വിവിധ സംഘടനകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ